"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിരുന്ന തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (2.6 MW) അലോട്ട്മെന്റ് റദ്ദാക്കി ഉത്തരവാകുന്നു.

---

**ഊർജ്ജ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/POWER തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം.23/2014/ഊ.വ , തീയതി 21/07/2014.
2. സ.ഉ. (സാധാ) നം.266/2014/ഊ.വ തീയതി 24/10/2014.
3. 25/09/2023-ലെ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഡയറക്ടറുടെ EMC/182/2023-ETB-5 നം. കത്ത്.
4. 17/02/2025-ലെ സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ചീഫ് ഫിനാൻഷ്യൽ ഓഫീസറുടെ CIL/Fin/2024-25/683 നം.കത്ത്.

**ഉത്തരവ്**

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം 2.6 മെഗാവാട്ട് സ്ഥാപിത ശേഷിയായുള്ള തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചു ഉത്തരവായിരുന്നു.ടി പദ്ധതിക്ക് വേണ്ടി പ്രസ്തുത കമ്പനി മുൻകൂർ പ്രീമിയമായി 39,28,889 രൂപ അടക്കുകയും ചെയ്തു.

2. M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് 2015 നവംബർ 27-ന് TEFR (ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട്) ഇ.എം.സി-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ, പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് മുന്നോട്ട് പോകുവാൻ M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് സാധിച്ചില്ല. ആയതിനാൽ നിക്ഷേപകർക്ക് പദ്ധതിയുമായി മുന്നോട്ട് പോകുവാൻ കഴിയില്ല എന്നും, പദ്ധതി നടപ്പിലാക്കുന്നതിന് ടി സംരംഭകർക്ക് നൽകിയിരുന്ന അനുമതി റദ്ദ് ചെയ്ത് തങ്ങൾ അടച്ച മുൻകൂർ പ്രീമിയം തിരികെ നൽകുവാൻ ഇ.എം.സി.യോട് അപേക്ഷിക്കുകയും ചെയ്തു.

3. 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി (SHP) നയത്തിലെ വകുപ്പ് 17.11 പ്രകാരമുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിൽ "പദ്ധതി സാങ്കേതികമായോ സാമ്പത്തികമായോ പ്രയോജനപ്രദമല്ല എന്ന് സർക്കാർ തീരുമാനിക്കുന്ന സാഹചര്യത്തിൽ, കമ്പനിയെ ഈ കരാറിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് പിഴയില്ലാതെ ഒഴിവാക്കുന്നത് സർക്കാർ അംഗീകരിക്കും എന്നും ഇത്തരം കരാർ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, സർക്കാർ

ഇംപ്ലിമെന്റേഷൻ ഗ്യാരണ്ടിയുടെ 25% ചെലവുകൾക്കായി നിലനിർത്തി, ശേഷിക്കുന്ന 75% തിരികെ നൽകും" എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ അലോട്ട്മെന്റ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | സംരംഭകൻ | അടയ്ക്കേണ്ട പ്രീമിയം (തുക രൂപയിൽ) | അടച്ച പ്രീമിയം (തുക രൂപയിൽ) | തിരിച്ച് നൽകേണ്ട തുക -75% (തുക രൂപയിൽ) |
|---|---|---|---|---|
| 2.6 MW തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി | M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് | 39,28,889/- | 39,28,889/- | 29,46,667/- |

5. തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് സർക്കാർ നൽകിയിരുന്ന അലോട്ട്മെന്റ് റദ്ദുചെയ്യുന്നതിനും, ടി സംരംഭകരിൽ നിന്നും ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തുകയായ 29,46,667/- രൂപ തിരികെ നൽകുന്നതിനും പരാമർശം (3) പ്രകാരം ഇ.എം.സി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ടി സംരംഭകരിൽ നിന്നും ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തുകയായ 29,46,667/- രൂപ തിരികെ നൽകുന്നതിനുള്ള ഇ.എം.സി ഡയറക്ടറുടെ ശുപാർശ പരിഗണിച്ചും, 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി (SHP) നയത്തിലെ വകുപ്പ് 17.11 ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പരിഗണിച്ചും, തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി (2.6 MW) നടപ്പിലാക്കുന്നതിന് M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് സർക്കാർ നൽകിയിരുന്ന അലോട്ട്മെന്റ് റദ്ദുചെയ്തുകൊണ്ടും ടി സംരംഭകരിൽ നിന്നും ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തുകയായ 29,46,667/- (ഇരുപത്തൊൻപത് ലക്ഷത്തി നാല്പത്താറായിരത്തി അറുന്നൂറ്റി അറുപത്തയേഴ് മാത്രം) രൂപ തിരികെ നൽകുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

To

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, പട്ടം,

തിരുവനന്തപുരം.

ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം.

ഡയറക്ടർ, സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (10/03/2026 -ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ അജണ്ട ഇനം.നം.3877 പ്രകാരം).

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

**Signed by Nazarudeen M**
**Date: 16-03-2026 10:33:36**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. 218/ബി1/2023/ഊ.വ. ഇനം നം: 3877

വിഷയം : ഊർജ്ജ വകുപ്പ് - സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചിരുന്ന തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി റദ്ദാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

3877

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രി സഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 218/B1/2023/ഊ.വ. |
| 2 | വകുപ്പ് | : | ഊർജ്ജ(ബി) വകുപ്പ് |
| 3 | വിഷയം | : | സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചിരുന്ന തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി റദ്ദാക്കുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17/11/2023 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br><br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി അലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. മനോജ് കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജു കെ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 9.3.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 9.3.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കരടിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭൂമി ഏറ്റെടുക്കൽ പ്രശ്നത്തെ തുടർന്ന് സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ചിരുന്ന തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി (2.6 മെഗാവാട്ട്) റദ്ദാക്കാനുള്ള എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഡയറക്ടറുടെ ശുപാർശയാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2). 21.07.2014-ലെ G.O(Ms)No.23/2014/PD, 24.10.2014-ലെ G.O(Rt)No.266/2014/PD എന്നീ ഉത്തരവുകൾ പ്രകാരം 2.6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് ബിൽറ്റ്, ഓൺ, ഓപ്പറേറ്റ്, ട്രാൻസ്ഫർ (BOOT) അടിസ്ഥാനത്തിൽ കേരള സർക്കാർ അനുവദിച്ചിരുന്നു. പദ്ധതിക്കായി കമ്പനി മുൻകൂർ പ്രീമിയമായി 39,28,889/- രൂപ സർക്കാരിലേക്ക് ഒടുക്കിയിരുന്നു.

3). സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് 27/11/2015-ന് ടി ഇ എഫ് ആർ അംഗീകാരത്തിനായി ഇ.എം.സി-യ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ പ്രസ്തുത സംരഭകർക്ക് കഴിഞ്ഞില്ല. തുടർന്ന് ഇത് സംബന്ധിച്ച് ഇ.എം.സി കാരണം കാണിക്കൽ നോട്ടീസ് സിയാൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് നൽകിയിരുന്നു. സർക്കാർ പരിഗണനയ്ക്കായി സംരഭകർ ചുവടെ പറയുന്ന കാര്യങ്ങൾ ഇ.എം.സി.യോട് അഭ്യർത്ഥിച്ചിരുന്നു.

i. സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ഭൂമി ഏറ്റെടുക്കലിനായി വിശദമായ സർവേ നടത്തിയെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനായി നിക്ഷേപകന് ഏതാനും ആദിവാസികളുടെ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്ന് കണ്ടെത്തി.

ii. ഭൂമി ഏറ്റെടുക്കൽ വിഷയം ഇടുക്കി ജില്ലാ കളക്ടറുമായി ചർച്ച ചെയ്തപ്പോൾ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹം സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകി.

iii. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി 20.02.2017 ന്, ഊർജ്ജ വകു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SHP ഇവാല്യുവേഷൻ കമ്മറ്റിയുമായി EMC യോഗംവിളിച്ചുചേർക്കുകയും ഇടുക്കി ജില്ലാ കളക്ടറുമായി വിഷയം ചർച്ച ചെയ്യാൻ ഒരു ശ്രമം കൂടി നടത്താൻ സംരഭകർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

4). ഇതനുസരിച്ച് സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ഇടുക്കി ജില്ലാ കളക്ടറുമായി ചർച്ച നടത്തിയെങ്കിലും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് കൂടുതൽ പുരോഗതിയുണ്ടായില്ല. വനംവകുപ്പ് അടുത്തകാലത്തായി വിയർ സൈറ്റിന് സമീപമുള്ള ഭൂമിയും വനഭൂമിയായി അടയാളപ്പെടുത്തുകയുണ്ടായി.

5). മേൽ സാഹചര്യത്തിൽ, പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്ന് സംരഭകർ അറിയിക്കുകയും അവർ അടച്ച പ്രീമിയം തിരികെ നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

6). 2012-ലെ ചെറുകിട ജലവൈദ്യുത നയത്തിലെ ഖണ്ഡം 17.11 അനുസരിച്ചുള്ള നടപ്പാക്കൽ കരാറിലെ വ്യവസ്ഥ പ്രകാരം പദ്ധതി സാങ്കേതികവും സാമ്പത്തികവുമായി സാധുത ഇല്ലാത്തതാണെന്ന് സർക്കാർ നിശ്ചയിക്കുകയാണെങ്കിൽ സംരംഭകന് അനുവദിച്ച പദ്ധതി വിട്ടുനൽകാവുന്നതും മറ്റ് പിഴ ശിക്ഷകൾ ചുമത്താതെ കമ്പനിയെ നിയമപരമായ ബാധ്യതകളിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്. ഇങ്ങനെ ചെയ്യുമ്പോൾ പദ്ധതി നടപ്പാക്കാനുള്ള സെക്യൂരിറ്റി തുകയുടെ 25% പലവക ചെലവുകൾക്കായി പിടിച്ചുവച്ചതിനു ശേഷം സർക്കാർ 75% തുക തിരികെ നൽകേണ്ടതാണ്.

7). ഈ സാഹചര്യത്തിൽ, സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിന് അനുവദിച്ച തോണിയാർ എസ്എച്ച്പി (2.6 MW) റദ്ദാക്കാനും അവരിൽ നിന്ന് ഈടാക്കിയ പ്രീമിയം തുകയുടെ 75% അനുവദിക്കാനും ഡയറക്ടർ, ഇഎംസി ശിപാർശ ചെയ്തു. സംരഭകർക്കുള്ള തിരിച്ചടവ് ചുവടെ ചേർക്കുന്നു;

| പദ്ധതിയുടെ പേര് | സംരംഭകൻ | അടക്കേണ്ട പ്രീമിയം (രൂപയിൽ) | അടച്ച പ്രീമിയം (രൂപയിൽ) | തിരിച്ചു നൽകേണ്ട തുക (രൂപയിൽ) |
|---|---|---|---|---|
| 2.6 MW തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി (ഇടുക്കി ജില്ലാ) | M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് | 39,28,889/- | 39,28,889/- | 29,46,667/- |

8). തോണിയാർ എസ്.എച്ച്.പി. യുടെ അലോട്ട്മെന്റ് റദ്ദാക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 17.11.2023-ൽ ഉത്തരവിടുകയും, ആയത് പ്രകാരം 29.11.2023- ൽ മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകൾ (ഇംഗ്ലീഷിലും മലയാളത്തിലും) സമർപ്പിക്കുകയും ചെറുകിട ജലവൈദ്യുത പദ്ധതി നയം അന്തിമമായതിനു ശേഷം തോണിയാർ എസ്.എച്ച്.പി.യുടെ അലോട്ട്മെന്റ് റദ്ദാക്കുന്നത് പരിഗണിക്കാം എന്ന് തീരുമാനിച്ചിരുന്നു.

9). ഇ.എം.സി.യും M/s സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡും തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ അലോട്ട്മെന്റ് റദ്ദാക്കി, സംരംഭകർ അടച്ച മുൻകൂർ പ്രീമിയത്തിൽ 75% തിരികെ നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടു.

10). തുടർന്നുള്ള ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് ചുവടെ ചേർക്കുന്നു.

**മുഖ്യമന്ത്രിയുടെ 17.11.2023-ലെ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള ഉത്തരവ് പാലിക്കുന്നതിൽ നീതീകരിക്കാനാകാത്ത കാലതാമസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിശദീകരണം സഹിതം ഫയൽ അടുത്ത മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുക.**

<u>കാലതാമസ വിശദീകരണം</u>

തോണിയാർ എസ്.എച്ച്.പി.യുടെ അലോട്ട്മെന്റ് റദ്ദാക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രിയുടെ 17.11.2023- ലെ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്ക അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഇതിനിടെ ചെറുകിട ജലവൈദ്യുത നയ പരിഷ്കരിക്കുന്ന നടപടി പുരോഗമിച്ചുകൊണ്ടിരുന്നതിനാൽ, പ്രസ്തുത നയ അന്തിമമാക്കിയതിന് ശേഷം തോണിയാർ എസ്.എച്ച്.പി.യുടെ അലോട്ട്മെന റദ്ദാക്കുന്ന വിഷയം പരിഗണിക്കാമെന്ന് തീരുമാനിക്കപ്പെട്ടു.

പരിഷ്കരിച്ച കരട് ചെറുകിട ജലവൈദ്യുത നയത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ BOOT കാലാവധി 30 വർഷത്തിൽ നിന്നും 40 വർഷമായി ഉയർത്തുന്നതും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഇളവുകൾ ഉൾപ്പെടുത്തുന്നതുമാണ് പ്രധാന നിർദേശങ്ങൾ. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ മൂലം പദ്ധതിയുടെ അലോട്ട്മെന്റ് റദ്ദാക്കേണ്ട സാഹചര്യം നേരിടുന്ന സംരംഭകർക്ക് ഇത് സഹായകരമാകുമെന്നതിനാലും സംസ്ഥാനത്തിന്റെ വൈദ്യുത സ്വയം പര്യാപ്തതയ്ക്ക് സഹായകരമാകുകയും ചെയ്യുമെന്നതിനാലാണ് ചെറുകിട ജലവൈദ്യുത നയം പരിഷ്കരിച്ചതിന് ശേഷം തോണിയാർ എസ്.എച്ച്.പി.യുടെ അലോട്ട്മെന്റ് റദ്ദാക്കുന്ന വിഷയം പരിഗണിക്കാമെന്ന തീരുമാനം എടുത്തത്.

കരട് ചെറുകിട ജലവൈദ്യുത നയം പരിഷ്കരിക്കുന്ന വിഷയം B1/243/2022/PD എന്ന ഫയലിൽ പരിശോധിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ ചർച്ചകൾ നടന്നതോടൊപ്പം ദുരന്തനിവാരണ വകുപ്പിന്റെയും പരിസ്ഥിതി വകുപ്പിന്റെയും അഭിപ്രായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് അന്തിമ കരട് നയം നിയമ വകുപ്പിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡിനു അനുവദിച്ച തോണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി റദ്ദാക്കുകയും അവരിൽ നിന്ന് പദ്ധതി നടത്തിപ്പിനായി ഈടാക്കിയ മുൻകൂർ പ്രീമിയത്തിന്റെ 75% തിരികെ നൽകുകയും ചെയ്യണം എന്ന എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ ശുപാർശ അംഗീകരിക്കാമോ?.